പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 462 — 17.05.2017 ൽ മറുപടിക്ക്

## ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, കെ.കെ.രാമചന്ദ്രൻ നായർ<br>,, രാജു എബ്രഹാം<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ സാധ്യതാ പഠനം എത്ര മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) യും (ബി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ സാധ്യതാ പഠനം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഇതിനായി ആയിരം ഏക്കറോളം ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയുടെ വിശദമായ പഠനത്തിനു ശേഷം മാത്രമേ ഭൂമി സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ